**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല – വാഴൂർ ഗ്രാമപഞ്ചായത്തിന്റെ പുതിയ ആസ്ഥാന മന്ദിരവും ഷോപ്പിംഗ് കോപ്ലക്സിന്റെയും ഉദ്ഘാടനവുമായി ബന്ധപ്പെട്ട പരിപാടിയുടെ ബാധ്യത തീർക്കാനാവശ്യമായ തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2970/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 22/11/2018

പരാമർശം:- 1. വാഴൂർ ഗ്രാമപഞ്ചായത്തിൽ 04/05/2018 ൽ നടന്ന സാധാരണ യോഗത്തിലെ 8/1 നമ്പർ തീരുമാനം.

2. വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/06/2018 ലെ എ 5-5608/2017 നമ്പർ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 06/10/2018 ലെ PAN/20966/201 8-GI (DP) നമ്പർ കത്ത്.

**ഉത്തരവ്**

വാഴൂർ ഗ്രാമ പഞ്ചായത്തിന്റെ പുതിയ ആസ്ഥാന മന്ദിരത്തിന്റെയും ഷോപ്പിംഗ് കോപ്ലക്സിന്റെയും ഉദ്ഘാടനത്തോടനുബന്ധിച്ച് വിവിധ കലാ പരിപാടികൾ, പുസ്തകമേള, സാസ്കാരിക റാലി, മുൻകാല ജനപ്രതിനിധികളെ ആദരിക്കൽ, കാർഷിക മേള, വന്യജീവി ഫോട്ടോ പ്രദർശനം, കാരിക്കേച്ചർ ഷോ തുടങ്ങിയ നിരവധി പരിപാടികൾ ഉൾപ്പെടുത്തി നടത്തിയ ഗ്രാമോത്സവത്തിന് പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനയാണ് വിഭവ സ്രോതസ്സായി പരിഗണിച്ചിരുന്നത്. എന്നാൽ സംഘാടക സമിതി ഉദ്ദേശിച്ച തരത്തിൽ തുക സമാഹരിക്കുവാൻ സാധിച്ചില്ല. നാല് ദിവസങ്ങളിലായി നടന്ന ഗ്രാമോത്സവം പരിപാടിക്ക് 4 ലക്ഷം രൂപ ചെലവ് വരികയും, ടി പരിപാടിക്കായി തനത് ഫണ്ടിൽ നിന്നും 25,000/- രൂപ ചെലവ് ചെയ്തിട്ടുമുണ്ട്. 75,000/- രൂപയോളം ഈ ഇനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകുവാനുമുണ്ട്. ഈ സാഹചര്യത്തിൽ ഓഫീസ് ഉദ്ഘാടന പരിപാടിയുമായി ബന്ധപ്പെട്ട ബാധ്യത തീർക്കുന്നതിന് 75,000/-രൂപ തനത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്യുന്നതിന് പ്രത്യേകാനുമതിക്കായി അഭ്യർത്ഥിക്കാൻ പരാമർശം (1) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. ആയത് പ്രകാരം 75,000/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. പരാമർശം (3) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഴൂർ ഗ്രാമ പഞ്ചായത്തിന്റെ പുതിയ ആസ്ഥാന മന്ദിരവും ഷോപ്പിംഗ് കോപ്ലക്സിന്റെയും ഉദ്ഘാടനവുമായി ബന്ധപ്പെട്ട പരിപാടിയുടെ ബാധ്യത തീർക്കാനാവശ്യമായ 75,000/- രൂപ (എഴുപത്തി അയ്യായിരം രൂപ) ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ബീനമോൾ കെ.ജെ

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

പ്രസിഡന്റ്/സെക്രട്ടറി, വാഴൂർ ഗ്രാമപഞ്ചായത്ത്, വാഴൂർ പി.ഒ, കോട്ടയം - 686504

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ